# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 685** 28.02.2017-ൽ **മറുപടിക്ക്**

## ഇലക്ട്രിസിറ്റി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി

| | ചോദ്യം<br><br>ശ്രീ. എം.ഉമ്മർ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ)<br><br><br><br><br><br><br><br><br>(ബി) | സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ള സാഹചര്യത്തിലും വിദൂര കോളനികളിലും വൈദ്യുതി ശൃംഖല എത്തിക്കാൻ ഡി.ഡി.ജി.എം. (ഡിസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ ആൻഡ് മൈക്രോ ഗ്രിഡ്) സംവിധാനം ഉപയോഗിച്ചിട്ടുണ്ടോ ;<br><br>ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ; | (എ)<br>&<br>(ബി) | ഉണ്ട്. വൈദ്യുതി എത്തിക്കാനായി സോളാർ പാനൽ സ്ഥാപിച്ച് വിദൂര കോളനികളിൽ ഡി.ഡി.ജി.എം. (ഡിസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ്ജനറേഷൻ ആൻറ് മൈക്രോ ഗ്രിഡ്) സംവിധാനം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ലൈൻ വലിക്കുന്നതിനായി ഈ സ്കീമിൽ പ്രവൃത്തി ചെയ്തിട്ടില്ല. |
| (സി) | ഡി.ഡി.ജി.എം.സംവിധാനം ഉപയോഗിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | വനാവകാശം ബാധകമായിട്ടുള്ള സാഹചര്യങ്ങളിൽ (ഒരു ഹെക്ടറിൽ താഴെ വനഭൂമി ആവശ്യമുള്ളതും 75-ൽ താഴെ മരങ്ങൾ മുറിച്ച് മാറ്റപ്പെടേണ്ട സന്ദർഭങ്ങളിൽ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ബന്ധപ്പെട്ട DFO/Wild Life Warden-ന് അപേക്ഷ സമർപ്പിക്കുകയും, DFO/Wild Life Warden സ്ഥലപരിശോധന നടത്തി അനുമതി നൽകുകയും ചെയ്യും. വനാവകാശം ബാധകമല്ലാത്ത സാഹചര്യങ്ങ ളിലും ഒരു ഹെക്ടറിൽ കൂടുതൽ വനഭൂമി |

| | | | |
|---|---|---|---|
| | | | ആവശ്യമുള്ളതോ 75-ൽ കൂടുതൽ മരങ്ങൾ മുറിച്ച് മാറ്റപ്പെടേണ്ടതോ ആയ സന്ദർഭങ്ങളിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വനം വകുപ്പിന്റെ ഓൺലൈൻ പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. അപേക്ഷ സ്വീകരിച്ചു കഴിഞ്ഞാൽ DFO/CCF തുടങ്ങിയവർ സ്ഥല പരിശോധന നടത്തി അവർ നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു ഹെക്ടറിൽ താഴെ വനഭൂമി ആവശ്യമുള്ള പ്രവൃത്തികൾക്ക് സംസ്ഥാന സർക്കാരും, ഒരു ഹെക്ടറിൽ കൂടുതൽ ആവശ്യമുള്ള പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരും അനുമതി നൽകുന്നതാണ്. മേൽപറഞ്ഞ നടപടിക്രമങ്ങൾക്കു പുറമേ വനഭൂമി ഉപയോഗിക്കുന്നതിന് പകരം വനവത്കരണത്തിനായുള്ള ഭൂമി നൽകാനും (Afforestation) ഉപയോഗിക്കുന്ന ഭൂമിയ്ക്കു ആനുപാതികമായി വനം വകുപ്പിന് പണം നൽകാനും (Net Present Value) വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് വനം വകുപ്പുമായി ബന്ധപ്പെട്ട് വേഗത്തിൽ അനുമതി ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**